# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - മേലില ഗ്രാമപഞ്ചായത്ത് - 2004-2005 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2- തടസ്സപ്പെടുത്തിയ തുക-സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ (സാധാ)നം.611 /2022/തസ്വഭവ** **തിരുവനന്തപുരം, തീയതി. 14/03/2022**

പരാമർശം:- 1. 06/07/2021- തീയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ പി.എ.എൻ/7253/2021 എം3(ഡി.പി) നമ്പർ

2. 21/12/2021-തീയതിയിലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ഡി.കെ.എസ്.എ/2241/2021/പി.റ്റി1 നമ്പർ കത്ത്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിന്റെ 2004-2005 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം 35,000/- രൂപ(മുപ്പത്തിഅയ്യായിരം രൂപ മാത്രം) ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു. മേലില ഗ്രാമപഞ്ചായത്ത് 2004-2005 വർഷം പൊതുവിഭാഗം സാധാരണവിഹിതം ഉപയോഗിച്ച് കൃഷിഓഫീസർ നിർവ്വഹണം നടത്തിയ "ജലസേചന കിണർ" എന്ന പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ ആരും ഉൾപ്പെട്ടിരുന്നില്ല എന്ന കാരണത്താലാണ്, ടി പ്രവൃത്തിയ്ക്കായി ചെലവഴിക്കേണ്ടി വന്ന 35,000/-( മുപ്പത്തിഅയ്യായിരം രൂപ മാത്രം) രൂപ ഓഡിറ്റിൽ നിരാകരിച്ചിരിക്കുന്നതെന്നാണ് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ ആരുംതന്നെ പദ്ധതി വിഹിതം അടച്ച് "ജലസേചനകിണർ" പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ തയ്യാറാകാത്തതുമൂലമാണ് ജനറൽവിഭാഗത്തെ മാത്രം ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിയതെന്നും, ടി പ്രോജക്റ്റിൽ പ്രത്യേക ഘടകപദ്ധതിയിൽ നിന്നും തുക വകയിരുത്തുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ലെന്നും പട്ടികജാതി ഗുണഭോക്താക്കളുടെ അഭാവത്തിൽ പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യം നൽകുകയാണ് ചെയ്തതെന്നും, ടി പദ്ധതിയുടെ പൂർണ്ണമായ പ്രയോജനം പ്രദേശവാസികൾക്ക് ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ മേൽ തുകയുടെ ഓഡിറ്റ് തടസ്സത്തിന് സർക്കാർ സാധൂകരണം നല്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശിപാർശ ചെയ്തിരുന്നു.

പൊതുവിഭാഗം ഗുണഭോക്താക്കൾക്കും, പട്ടികജാതിയിൽപ്പെട്ട ഗുണഭോക്താക്കൾക്കും, "ജലസേചന കിണർ" നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്ന പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ ആരുംതന്നെ പദ്ധതി വിഹിതം അടച്ച് പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാൻ തയ്യാറാകാത്തതു മൂലമാണ് ജനറൽ വിഭാഗത്തെ മാത്രം ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കിയതെന്നും, പദ്ധതിയുടെ പ്രയോജനം പ്രദേശവാസികൾക്ക് ലഭിച്ചിട്ടുണ്ടെന്നുമുള്ള മേലില ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 08/07/2020 തീയതിയിലെ 15(1)-ാം നമ്പർ തീരുമാനം, ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 04/06/2021-തീയതിയിലെ 5 -ാം നമ്പർ അനുകൂല തീരുമാനം എന്നിവ പരിഗണിച്ചും, മേൽ ഖണ്ഡികയിന്മേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സാധൂകരണം നല്കുന്ന വിഷയത്തിൽ എതിരഭിപ്രായമില്ലെന്നും യുക്തമായ തീരുമാനം സർക്കാർ

തലത്തിൽ സ്വീകരിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം ഓഡിറ്റ് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ അഭാവത്തിൽ പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യം നൽകുകയാണ് ചെയ്തതെന്നും പട്ടികജാതി വിഭാഗക്കാർക്കുവേണ്ടിയുള്ള പ്രത്യേക ഘടകപദ്ധതിയിൽ നിന്നും ഫണ്ട് വകമാറ്റിയിട്ടില്ലെന്നുമുള്ള വസ്തുത കണക്കിലെടുത്തും പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല റിപ്പോർട്ട്, പഞ്ചായത്ത് ഭരണസമിതി , ജില്ലാ തല മോണിറ്ററിംഗ് സമിതി എന്നിവയുടെ അനുകൂല തീരുമാനങ്ങൾ ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം എന്നിവ പരിഗണിച്ച് കൊല്ലം ജില്ലയിലെ മേലില ഗ്രാമപഞ്ചായത്തിലെ - 2004-2005 വർഷത്തെ ഓഡിറ്റിൽ ഖണ്ഡിക 3.2 പ്രകാരം തടസ്സപ്പെടുത്തിയ 35,000/-(മുപ്പത്തിഅയ്യായിരം രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**രജി രാജേന്ദ്രൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഓഡിറ്റ് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
സെക്രട്ടറി, മേലില ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**